## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2086** **11.02.2020-ൽ മറുപടിക്ക്**

## കൊറോണ വൈറസ് ബാധ

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശു വികസനവും വകുപ്പ് മന്ത്രി) |
| എ) കൊറോണ വൈറസിനെതിരെ എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങൾക്കാണ് 'മോഡേൺ മെഡിസിനിൽ' നടപടി സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകാമോ; | എ) ചൈനയിൽ നിന്നും, മറ്റ് രോഗബാധിത രാജ്യങ്ങളിൽ നിന്നും എത്തിയ യാത്രക്കാരിൽ രോഗലക്ഷണങ്ങൾ ഇല്ലാത്തവരെ വീടുകളിൽ 28 ദിവസം മറ്റുള്ളവരോട് സമ്പർക്കം ഉണ്ടാകാത്ത രീതിയിൽ പ്രത്യേകം കഴിയുവാൻ നിർദ്ദേശിച്ചു.<br>രോഗബാധിത പ്രദേശങ്ങളിൽ നിന്നും വന്നവർ പൊതുസ്ഥലങ്ങളിൽ പോകുവാനോ, പൊതുചടങ്ങുകളിൽ പങ്കെടുക്കുവാനോ, പൊതുവായ യാത്രാമാധ്യമങ്ങൾ ഉപയോഗിക്കുവാനോ പാടില്ല എന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br>വ്യക്തിശുചിത്വം പാലിക്കുകയും, തുമ്മുമ്പോഴും, ചുമയ്ക്കുമ്പോഴും തൂവാല ഉപയോഗിച്ച് മൂക്കും വായും പൊത്തുന്നതിനും, കൈകൾ ഇടയ്ക്കിടെ സോപ്പുപയോഗിച്ച് വൃത്തിയായി കഴുകുന്നതിനും വേണ്ട ബോധവത്കരണ നിർദ്ദേശങ്ങളും പൊതുജനങ്ങൾക്കായി നൽകിയിട്ടുണ്ട്.<br>രോഗം സംബന്ധിച്ച് പൊതുജനങ്ങൾ, വിദ്യാർത്ഥികൾ, ആരോഗ്യവകുപ്പ്, ടൂറിസം വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ഗതാഗത വകുപ്പ് തുടങ്ങിയവർക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി നൽകുകയും, ആരോഗ്യ വകുപ്പ് ഡയറക്റുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. വ്യക്തിഗത സുരക്ഷാ ഉപാധികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| **ബി)** | ഇതിനെ നേരിടുന്നതിനായി ഫലപ്രദമായ മരുന്ന് ലഭ്യമാണോ; ഇക്കാര്യത്തിൽ ആയുർവേദത്തിലും ഹോമിയോപ്പതിയിലും മരുന്ന് ലഭ്യമാണെന്നുള്ള മാധ്യമവാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ ? | **ബി)** | കൊറോണ വൈറസ് രോഗത്തെ നേരിടുന്നതിനായി ആയുർവേദത്തിലും ഹോമിയോപ്പതിയിലും മരുന്ന് ലഭ്യമാണെന്നുള്ള മാധ്യമ വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അലോപ്പതി മരുന്നുകളാണ് കൊറോണ വൈറസ് രോഗത്തിനെതിരെ നൽകി വരുന്നത്. |

**സെക്ഷൻ ഓഫീസർ**